I ഇ.ബി. XV - കേരള നിയമസഭ/II-9

# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 3, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

പ്ലസ് വൺ പ്രവേശനത്തിലെ ആശങ്ക

മി. സ്പീക്കർ: എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനവും എ പ്ലസ് ലഭിച്ചവരുടെ എണ്ണവും വർദ്ധിച്ചതുമൂലം പ്ലസ് വൺ പ്രവേശനം സംബന്ധിച്ച ആശങ്ക പരിഹരിക്കുന്നതിന് സർക്കാർ നടപടി

ഉണ്ടാകുന്നില്ലെന്ന് പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിലെ വിജയം 99.47 ശതമാനമാണ്. വിജയിച്ച എല്ലാ കുട്ടികൾക്കും ഉപരിപഠനത്തിന് ഉതകുംവിധം സീറ്റുകൾ റീ-അറേഞ്ച് ചെയ്യുന്നതാണ്. സർക്കാർ-എയ്ഡഡ് മേഖലയിൽ ബാച്ച് ഒന്നിന് 50 സീറ്റെന്ന ക്രമത്തിൽ 306150 സീറ്റുകളും വി.എച്ച്.എസ്.ഇ., ഐ.ടി.ഐ., പോളിടെക്നിക് തുടങ്ങിയ കോഴ്സുകളിലായി 98220 സീറ്റുകളും നിലവിലുണ്ട്. യോഗ്യരായ എല്ലാ വിദ്യാർത്ഥികൾക്കും മാനദണ്ഡങ്ങളനുസരിച്ച് പ്രവേശനം നൽകുന്നതും മലബാറിൽ 20 ശതമാനവും മറ്റ് മേഖലകളിൽ 10 ശതമാനവും സീറ്റുകൾ വർദ്ധിപ്പിക്കുന്നതുമാണ്. ഏതെങ്കിലും പ്രദേശത്ത് സീറ്റ് കുറവുണ്ടെങ്കിൽ അവിടത്തെ ജനപ്രതിനിധികളുമായി ആലോചിച്ച് ഉപരിപഠനം

ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും അതിനുള്ള സൗകര്യം ഉറപ്പാക്കുന്നതാണ്.

ഡോ. എം. കെ. മുനീർ: മാർജിനൽ സീറ്റ് വർദ്ധിപ്പിക്കുന്നത് കോടതി വിധിക്കും ഹയർ സെക്കണ്ടറി നിയമത്തിനും എതിരാണ്. ഗൾഫ് മലയാളി വിദ്യാർത്ഥികളും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസിൽ പഠിച്ചവരും കേരള സിലബസ്സിലേയ്ക്ക് വരുമ്പോൾ നിലവിലുള്ള പ്ലസ് വൺ സീറ്റുകൾ തികയാതെവരും. ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കണം. എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം വന്ന് രണ്ടാഴ്ച കഴിഞ്ഞിട്ടും പ്ലസ് വൺ ഏകജാലക പ്രവേശനത്തിനുള്ള മാനദണ്ഡം നിശ്ചയിക്കുകയോ വിജ്ഞാപനമിറക്കുകയോ ചെയ്തിട്ടില്ല. പ്ലസ് വൺ പ്രവേശനത്തിലെ ആശങ്കകൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാത്ത ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്രോസ്പെക്ടസ് എത്രയുംവേഗം പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മാർജിനൽ സീറ്റുവർദ്ധനവുണ്ടാകുമ്പോൾ മലപ്പുറം ഒഴികെയുള്ള മറ്റ്

ജില്ലകളിൽ ഗവൺമെന്റ്/എയ്ഡഡ് മേഖലയിലുള്ള സീറ്റുകൾ തികയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതെങ്കിലും ജില്ലയിൽ രണ്ട് അലോട്ട്മെന്റുകൾക്കുശേഷവും അഡ്മിഷൻ ലഭിക്കാത്ത സാഹചര്യമുണ്ടായാൽ അക്കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാർത്ഥികൾ സ്റ്റേറ്റ് സിലബസ്സിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന കുറവുകളിൽ ആശങ്കപ്പെടേണ്ടതില്ല. പ്ലസ് വൺ പ്രവേശന നടപടികളാരംഭിച്ച്, ലഭിക്കുന്ന അപേക്ഷകളുടെ എണ്ണത്തെയും ഓപ്ഷനുകളെയും അടിസ്ഥാനപ്പെടുത്തി കുറവുകൾ പരിശോധിക്കുകയും അപേക്ഷ നൽകിയിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പുവരുത്തുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതുമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### 1. കാർഷിക വിളകളുടെ അടിസ്ഥാന വില

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാർഷികോല്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനും സംഭരണം കാര്യക്ഷമമാക്കി വിളകൾക്ക് അടിസ്ഥാന വില ഉറപ്പാക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ശക്തിപ്പെടുത്തണം. അടയ്ക്ക സംഭരണത്തിനും സംസ്കരണത്തിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും കൃഷിഭവനുകൾ വഴി നാളികേരം സംഭരിക്കുകയും നാളികേരത്തിന്റെ താങ്ങുവില 35 രൂപയായും റബ്ബറിന്റെ താങ്ങുവില 200 രൂപയായും ഉയർത്തുകയും പച്ചക്കറി ഉൾപ്പെടെ വേഗത്തിൽ നശിക്കുന്ന കാർഷികോല്പന്നങ്ങൾ സംഭരിച്ച് സൂക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കൃഷിക്കാർക്ക് ന്യായവില ഉറപ്പാക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടത്തുന്നുണ്ട്. പതിനാറിനം ഉല്പന്നങ്ങൾക്ക് കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി താങ്ങുവില പദ്ധതിപ്രകാരം അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുപയോഗിച്ച് പ്രത്യേക സംഭരണശാലകൾ

ആരംഭിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിപണികൾ മുഖേനയും സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ആഴ്ച്ചച്ചന്തകൾ വഴിയും കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതും നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 100 നഗര വഴിയോര കാർഷിക വിപണികൾ ആരംഭിക്കുന്നതുമാണ്. ജില്ലാ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് പഴം-പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യാൻ സപ്ലൈ ചെയിൻ മാനേജ്മെന്റിനും ലോജിസ്റ്റിക്സ് സൗകര്യങ്ങൾക്കായി ശീതീകരിച്ച വാഹനങ്ങൾ എല്ലാ ജില്ലകളിലും അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കാർഷിക രംഗത്തെ ശാക്തീകരിക്കുന്നതിനായി കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ വിപണന കേന്ദ്രം, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന വില്പനശാലകൾ, സംസ്കരണ യൂണിറ്റ്, ഇൻക്യുബേഷൻ സെന്ററുകൾ എന്നിവ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. നാളികേരത്തിന്റെ സംഭരണവില പുനർ നിശ്ചയിക്കുന്നതിനായി സമിതി രൂപീകരിക്കുകയും റബ്ബറിന്റെ താങ്ങുവില 175 രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

## 2. ഭൂമി ഏറ്റെടുക്കാൻ ഇളവ് അനുവദിക്കൽ

ശ്രീ. ഷാഫി പറമ്പിൽ: പഞ്ചായത്തുകളിൽ പൊതു കളിസ്ഥലം നിർമ്മിക്കാൻ ഭൂമി ഏറ്റെടുക്കുന്നതിന് തുക അനുവദിക്കുകയും ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന നിയമതടസ്സങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): എല്ലാ തദ്ദേശഭരണ പ്രദേശങ്ങളിലും ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 14 ജില്ലകളിലായി 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങളുടെയും മൈതാനങ്ങളുടെയും വിവരശേഖരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൊതുകളിസ്ഥലമില്ലാത്തതും സ്വന്തമായി ഭൂമിയുള്ളതുമായ പഞ്ചായത്തുകൾക്ക് തനത് ഭൂമിയിൽ മൈതാനങ്ങൾ നിർമ്മിച്ചുനൽകുന്നതും സ്ഥലം ലഭ്യമല്ലാത്തവയ്ക്ക് സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കുന്ന മുറയ്ക്കും പദ്ധതി നടപ്പിലാക്കുന്നതാണ്. പൊതുകളിസ്ഥലമില്ലാത്ത പഞ്ചായത്തുകളിൽ സ്ഥലം

ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന നിയമ തടസ്സങ്ങൾക്ക് പ്രത്യേകം ഇളവുകൾ നൽകുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## III. സബ്മിഷൻ

### 1. സൈബർ കുറ്റകൃത്യം

ശ്രീ. കെ. എം. സച്ചിൻദേവ്: ഓൺലൈൻ ക്ലാസുകളിൽ വ്യാജ ഐ.ഡി ഉപയോഗിച്ച് സൈബർ കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ഓൺലൈൻ ക്ലാസുകൾ വ്യാജ ഐ.ഡി ഉപയോഗിച്ച് ഹാക്ക് ചെയ്യുന്നതിനും അശ്ലീല സംഭാഷണങ്ങളും വീഡിയോകളും അപ്‌ലോഡ് ചെയ്യുന്നതിനുമെതിരെ പഴുതടച്ച സുരക്ഷയാണ് വേണ്ടത്. പല പ്ലാറ്റ്ഫോമുകളും വിദേശ നിർമ്മിതിയായതിനാൽ നിയന്ത്രണത്തിന് പരിമിതിയുണ്ടെങ്കിലും സംസ്ഥാന സർക്കാർ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. സൈബർ ഡോം മുഖേന സൈബർ പട്രോളിംഗും സർക്കാർ/അർദ്ധ സർക്കാർ സ്കൂളുകളുടെ വെബ്സൈറ്റുകളിൽ സുരക്ഷാ

പരിശോധനയും നടത്തി സൈബർ കുറ്റകൃത്യം തടയുന്നതിന് നടപടിയെടുത്തിട്ടുണ്ട്. കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ ഇന്റർനെറ്റിൽനിന്നും നീക്കം ചെയ്യുന്നതിനും കുട്ടികളെ അപകടത്തിലേയ്ക്ക് നയിക്കുന്ന ഡിജിറ്റൽ ഗെയിമുകൾ ഒഴിവാക്കുന്നതിനും അവർക്ക് വിദഗ്ദ്ധ കൗൺസിലിംഗ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നവമാധ്യമ സാധ്യതകൾ പഠനപ്രവർത്തനത്തിൽ ഉപയോഗപ്പെടുത്തുന്നതോടൊപ്പം തെറ്റായ ഉപയോഗത്തെക്കുറിച്ച് ബോധവത്കരണം നടത്തുന്നതുമാണ്.

## 2. സാമ്പത്തിക സംവരണ സമുദായങ്ങൾ

ശ്രീ. റോജി എം. ജോൺ: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിനർഹമായ സമുദായങ്ങളുടെ പട്ടികയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടി സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗം, സംസ്ഥാന ഒ.ബി.സി., കേന്ദ്ര ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടാത്തതും തൊഴിൽ സംവരണവും

വിദ്യാഭ്യാസാനുകൂല്യവും ലഭിക്കാത്തതുമായ 164 വിഭാഗങ്ങളെ സംവരണേതര വിഭാഗങ്ങളായി പ്രഖ്യാപിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ജാതി-മത വ്യത്യാസം കൂടാതെ സംവരണം ലഭിക്കാത്ത എല്ലാ വിഭാഗങ്ങളിലെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും മുന്നോക്ക കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടാത്ത നിലവിൽ എസ്.സി./എസ്.ടി./ഒ.ബി.സി. സംവരണം ലഭിക്കാത്ത വിഭാഗങ്ങളും ഇ.ഡബ്ല്യു.എസ്. സംവരണത്തിന് അർഹരാണ്.

3. പ്രകൃതി വാതക പൈപ്പ്ലൈൻ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: നിർദ്ദിഷ്ട പെട്രോനെറ്റ് എൽ.എൻ.ജി. സ്ഥിതി ചെയ്യുന്ന പുതുവയ്പ്പ് പഞ്ചായത്ത് ഉൾപ്പെടെയുള്ള എട്ട് പഞ്ചായത്തുകളിൽ എൽ.എൻ.ജി.-യും സി.എൻ.ജി.-യും സൗജന്യനിരക്കിൽ ലഭ്യമാക്കുന്നതിനും വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഫില്ലിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്

ജില്ലകളിൽ പ്രകൃതി വാതകം വിതരണം ചെയ്യുന്നതിന് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പൈപ്പ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് ഗെയ്ൽ ചുമതലപ്പെടുത്തിയിട്ടുള്ളത്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പത്ത് വീതവും മലപ്പുറത്ത് മൂന്നും കോഴിക്കോട് നാലും പാലക്കാടും കണ്ണൂരും ഒന്ന വീതവും സി.എൻ.ജി. സ്റ്റേഷനുകൾ നിലവിലുണ്ട്. ഈ സാമ്പത്തിക വർഷം പെരുമ്പാവൂർ, നോർത്ത് പറവൂർ, വെല്ലിംഗ്ടൺ ഐലന്റ്, മറൈൻ ഡ്രൈവ് എന്നിവിടങ്ങളിലും 2026-ഓടെ വിവിധ ജില്ലകളിലായി 615 സ്ഥലങ്ങളിലും സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. പെട്രോനെറ്റ് എൽ.എൻ.ജി. സ്ഥിതി ചെയ്യുന്ന പുതുവൈപ്പിൻ പ്രദേശത്ത് സർവ്വേ നടത്തി സി.എൻ.ജി. ഫില്ലിംഗ് പമ്പ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

4. നഷ്ടപരിഹാരം

ശ്രീ. മാത്യു ടി. തോമസ്: 2018-ലെ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തുക അർഹതപ്പെട്ടതിനെക്കാൾ അധികരിച്ചുവെന്ന് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയതിനാൽ തിരിച്ചടയ്ക്കാനുള്ള നോട്ടീസുകൾ റവന്യൂ വകുപ്പിൽ നിന്നും നൽകിവരുന്നത് നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2018-ലെ പ്രളയത്തിൽ രണ്ടുദിവസത്തോളം വെള്ളം കെട്ടിനിൽക്കുകയും മണ്ണിടിച്ചിൽ തുടങ്ങിയ കാരണത്താൽ വീട് വാസയോഗ്യമല്ലാതാകുയും ചെയ്തിട്ടുള്ള പ്രദേശങ്ങളിലെ ഓരോ കുടുംബത്തിനും ഒറ്റപ്രാവശ്യത്തെ ആശ്വാസ ധനസഹായമായി 10000 രൂപയും പൂർണ്ണമായും വീട് തകർന്നവർക്ക് പരമാവധി 4 ലക്ഷം രൂപയുമാണ് അനുവദിച്ചത്. പ്രസ്തുത നാശനഷ്ട തോത് കണക്കാക്കുന്നതിലും ഗുണഭോക്താക്കളുടെ അക്കൗണ്ട് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിലുമുണ്ടായ പിഴവ് മൂലവും അക്കൗണ്ട് നമ്പരിൽ ഇരട്ടിപ്പ് വന്നതുകാരണവും തുക വിതരണം ചെയ്തതിൽ പിഴവ് വന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇങ്ങനെ വന്ന തുക സ്വമേധയാ തിരിച്ചടയ്ക്കാത്തവർക്കാണ് നോട്ടീസ് നൽകിയിട്ടുള്ളത്. തിരിച്ചുപിടിക്കുന്നത് നിർത്തിവയ്ക്കുന്നതിനെപ്പറ്റി സർക്കാർ ഗൗരവമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 5. ഭൂമി ഏറ്റെടുക്കൽ

ശ്രീ. പി. വി. ശ്രീനിജിൻ: ബി.പി.സി.എൽ - കൊച്ചിൻ റിഫൈനറീസ് വികസനത്തിനായി ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ബി.പി.സി.എൽ. - കൊച്ചിൻ റിഫൈനറിയുടെ ഗ്രീൻ ബെൽറ്റിനായി Motor Spirit Block Project എന്ന പദ്ധതിയുടെ നിർമ്മാണത്തിന് കുന്നത്തുനാട് താലൂക്കിൽ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും ഭൂവുടമകൾ ഭൂമി വില അംഗീകരിച്ച് എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തോടെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ 13 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതും വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരുന്നുവെന്നും എന്നാൽ നിലവിൽ ഏറ്റെടുത്തിട്ടില്ലെന്നും സൂചിപ്പിച്ച് ഗ്രാമവാസികൾ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സമഗ്ര അന്വേഷണം നടത്തുകയും 18.0540 ഹെക്ടർ സ്ഥലം കൊച്ചിൻ റിഫൈനറിക്കുവേണ്ടി ഏറ്റെടുക്കാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നതായി കണ്ടെത്തുകയും തുടർന്ന് ഭൂവുടമകളുമായി നടന്ന ചർച്ചയിൽ സ്ഥലവില നിശ്ചയിക്കുന്ന കാര്യത്തിൽ തീരുമാനമാകാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചുവെന്നുമാണ് കമ്പനി സർക്കാരിനെ അറിയിച്ചിട്ടുള്ളത്. മറ്റ് പ്രോജക്ടുകൾക്കായി കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടതില്ലെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. ഭൂമി

ആവശ്യമുണ്ടെന്ന് കമ്പനി അറിയിക്കുന്നപക്ഷം ഏറ്റെടുത്ത് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 6. ആരാധനാലയങ്ങൾക്ക് പുതിയ വാട്ടർ മീറ്റർ

ശ്രീ. കെ. ജെ. മാക്സി: കൊച്ചിയിലെ പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജമാഅത്തെ എന്നീ ആരാധനാലയങ്ങൾക്ക് നൽകിയിരിക്കുന്ന ഭീമമായ വാട്ടർ ബിൽ പൂർണ്ണമായി ഒഴിവാക്കി കൊടുക്കുന്നതിനും പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കൊച്ചിൻ കോർപ്പറേഷൻ 1991-ന് മുൻപ് മട്ടാഞ്ചേരിയിലുള്ള പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജമാ അത്തെ എന്നീ ആരാധനാലയങ്ങൾക്ക് വാട്ടർ കണക്ഷനുകൾ നൽകിയിരുന്നു. എന്നാൽ 1991-ൽ കോർപ്പറേഷൻ വാട്ടർ അതോറിറ്റിക്ക് എല്ലാ കണക്ഷനുകളും ലെഡ്ജർ ബുക്കുകൾ സഹിതം കൈമാറിയിരുന്നു. പ്രസ്തുത കണക്ഷനുകളിൽ കുടിശ്ശികയുണ്ടായിരുന്ന തുക പിരിക്കുന്നതിന്റെ ഭാഗമായി നടന്ന പരിശോധനയിൽ മേൽ കണക്ഷനുകൾക്ക് വാട്ടർ മീറ്ററില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കുടിശ്ശിക അടയ്ക്കുവാനും വാട്ടർ മീറ്റർ സ്ഥാപിക്കുവാനും നേരിട്ടും രേഖാമൂലവും നിരവധി തവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ കണക്ഷനുകൾ പൊതു ടാപ്പുകളായി

കോർപ്പറേഷൻ നൽകിയിട്ടുള്ളതിനാലാണ് വാട്ടർ ചാർജ് അടയ്ക്കാത്തതെന്നും അറിയിച്ചു. പരിശോധനയിൽ ഈ സ്ഥാപനങ്ങളിലെ കോമ്പൗണ്ടിനുള്ളിലാണ് പ്രസ്തുത കണക്ഷൻ സ്ഥിതി ചെയ്യുന്നതെന്നതിനാൽ പൊതു ടാപ്പായി പരിഗണിക്കാൻ സാധിക്കില്ലെന്ന് കണ്ടെത്തിയിരുന്നു. ആയതിനാൽ പട്ടാളം ജുമാ മസ്ജിദും കുന്നംപുറം ജമാ അത്തെയും കുടിശ്ശിക അടയ്ക്കാനുള്ള തുകയിൽ വലിയ തോതിലുള്ള ഇളവ് അനുവദിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ അടച്ച് പ്രശ്നം പരിഹരിക്കുന്നതിനും വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 7. വെള്ളക്കെട്ട്

ശ്രീ. ടി. ജെ. വിനോദ്: വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനായി കായലിന് കുറുകെ ബണ്ട് നിർമ്മിച്ചതുമൂലമുണ്ടായ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേയ്ക്കുള്ള റെയിൽവേ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേയാണ് കായലിന് കുറുകെ ബണ്ട് നിർമ്മിച്ചത്. പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ ബണ്ട് പൊളിച്ചുനീക്കേണ്ട ചുമതലയും റെയിൽവേയ്ക്കുണ്ടായിരുന്നെങ്കിലും അവർ വീഴ്ച വരുത്തിയതായി

ശ്രദ്ധയിൽപ്പെട്ടു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന പ്രസ്തുത വിഷയത്തിൽ നീതിപൂർവ്വകമായ സമീപനം ഉണ്ടാകുമെന്നാണ് കരുതുന്നത്. ടി ബണ്ട് പെരിയാറിൽ വലിയ തോതിൽ വെള്ളപ്പൊക്കമുണ്ടാകുന്നതിന് കാരണമാകുന്നതിനാൽ വരുംകാലങ്ങളിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

8. ബി.ഐ.എസ്. അംഗീകാരം

ശ്രീ. സജീവ് ജോസഫ്: ചിരട്ടപ്പാലിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ അംഗീകാരം നൽകാനുള്ള നീക്കം തടയുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ചിരട്ടപ്പാലിന് നാളിതുവരെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ ഗുണനിലവാരം നിശ്ചയിക്കപ്പെടാത്തതിനാലും ചിരട്ടപ്പാൽ റബ്ബറിൽ മാലിന്യങ്ങളടങ്ങിയിരിക്കാൻ സാധ്യതയുള്ളതിനാലും അതിന്റെ ഇറക്കുമതി രാജ്യത്ത് രോഗങ്ങൾ വരുത്തിവയ്ക്കുകയും ഉൽപ്പന്നങ്ങളുടെ ഗുണമേന്മയെ ബാധിക്കുകയും ചെയ്യുമെന്നുള്ള കാര്യം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## 9. ഡയറ്റിന്റെ പ്രവർത്തനം

ശ്രീ. വി. ശശി: ഡയറ്റിന്റെ സുഗമമായ പ്രവർത്തനത്തിനും ഡയറ്റ് അദ്ധ്യാപക തസ്തികയിൽ അടിയന്തരമായി നിയമനം നൽകുന്നതിനും അവരുടെ ആനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ ഡയറ്റ് അദ്ധ്യാപക നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഡയറ്റിലെ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് സീനിയർ ലക്ചറർ തസ്തികയിൽനിന്നും സീനിയർ ലക്ചറർ തസ്തികകളിലേയ്ക്ക് ലക്ചറർ തസ്തികയിൽനിന്നും സ്ഥാനക്കയറ്റം വഴിയാണ് നിയമനം നടത്തുന്നത്. ലക്ചറർ തസ്തികയിലെ 50 ശതമാനം ഒഴിവുകൾ ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരിൽനിന്ന് ബൈട്രാൻസ്ഫർ മുഖേനയും 50 ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനവുമാണ്. ഡയറ്റ് ലക്ചറർ തസ്തികയിൽ താൽക്കാലികമായി ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് അവരുടെ സേവനം ലക്ചറർ തസ്തികകളിൽ ക്രമീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് 89 അദ്ധ്യാപകർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് രണ്ട് മാസത്തേയ്ക്ക് സ്റ്റേ ചെയ്യുകയുണ്ടായി. സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 10. ഹാച്ചറിയുടെ പ്രവർത്തനം

ശ്രീ. പി. കെ. ബഷീർ: എടവണ്ണ ഹാച്ചറിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനും രണ്ടാം ഘട്ട നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ഏറനാട് മണ്ഡലത്തിലെ രാഷ്ട്രീയ കിസാൻ വികാസ് യോജന (RKVY) പദ്ധതി പ്രകാരമുള്ള എടവണ്ണ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് (KLDC) അനുമതി നൽകുകയും 2 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മതിയായ അടിസ്ഥാന സൗകര്യങ്ങളൊരുക്കിയും ജീവനക്കാരെ നിയമിച്ചും മാത്രമേ ഹാച്ചറി പ്രവർത്തനസജ്ജമാക്കുവാൻ കഴിയുകയുള്ളൂ. എന്നതിനാൽ ജില്ലാപഞ്ചായത്തിൽനിന്നോ മറ്റേതെങ്കിലും

മാർഗ്ഗങ്ങളിലൂടെയോ ഫണ്ട് കണ്ടെത്തി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## IV. റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

## V. ക്രമപ്രശ്നം

(1) ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

ശ്രീ. പി. സി. വിഷ്ണുനാഥ്: സമിതി റിപ്പോർട്ടുകളിന്മേലുള്ള ശിപാർശകൾക്ക് സർക്കാർ വേണ്ടത്ര പരിഗണന നൽകുകയോ അതിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ ഏറെ പഴക്കം ചെന്ന ഒട്ടേറെ ഫയലുകൾ തീർപ്പാകാതെ സെക്ഷനുകളിൽ കെട്ടിക്കിടക്കുകയാണ്. സമിതികൾക്ക് ലഭിക്കുന്ന പരാതികളിന്മേലുള്ള റിപ്പോർട്ടുകളും യഥാസമയം ലഭ്യമാക്കാത്ത അവസ്ഥയാണുള്ളത്. റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): നിയമസഭാ സമിതികളുടെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമയബന്ധിതമായി സമിതികൾക്ക് ലഭ്യമാക്കണമെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പാലിക്കാത്ത വകുപ്പുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(2) കോവിഡ് വാക്സിന് വകയിരുത്തിയ അധിക തുകയുടെ വിനിയോഗം

ശ്രീ. പി. സി. വിഷ്ണുനാഥ്: എല്ലാവർക്കും വാക്സിൻ സൗജന്യമായി ലഭ്യമാക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ 18 വയസ്സിനുമുകളിലുള്ളവർക്ക് സൗജന്യമായി വാക്സിൻ വാങ്ങിനൽകുന്നതിനായി സർക്കാർ മാറ്റിവച്ച 1000 കോടി രൂപയുടെ വിനിയോഗത്തെ സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ ഇതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിനുള്ള നിർദ്ദേശവും റൂളിംഗുമുണ്ടാകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വാക്സിൻ സൗജന്യമായി നൽകുമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിനുശേഷവും ആവശ്യകതയ്ക്കനുസരിച്ച് ലഭിക്കാത്ത സാഹചര്യമാണുള്ളത്. കേരളത്തിൽ

കോവിഡ് വ്യാപനം ഉയരുകയും വാക്സിൻ ലഭ്യത ഇന്നത്തെ രീതിയിൽ തുടരുകയും ചെയ്താൽ സമീപ ഭാവിയിൽ നേരിട്ട് വിപണിയിൽനിന്ന് വാക്സിൻ വാങ്ങേണ്ട സാഹചര്യമുണ്ടായേക്കാം. ബന്ധപ്പെട്ട ശീർഷകത്തിൽ തുകയില്ലാതെ വന്നാൽ അപ്പോൾ തുക ചെലവഴിക്കുന്നതിന് പ്രയാസം നേരിടുമെന്നതിനാൽ 1000 കോടി രൂപ നിലവിൽ വകയിരുത്തിയ ശീർഷകത്തിൽത്തന്നെ നിലനിർത്തുന്നത് സംസ്ഥാന താല്പര്യത്തിന് അത്യന്താപേക്ഷിതമാണ്. ബഡ്ജറ്റ് മാന്വൽ അനുസരിച്ച് ഒരു സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ചെലവഴിക്കപ്പെടാത്ത തുക അന്തിമ ധനവിനിയോഗത്തിലൂടെ പുനർവിനിയോഗം ചെയ്യുകയോ റെസ്യൂം ചെയ്യുകയോ ആണ് ചെയ്യുന്നത്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: സർക്കാരിൽനിന്നും ആവശ്യമായ വിവരങ്ങളും നടപടി സ്റ്റേറ്റ്മെന്റുകളും യഥാസമയം ലഭ്യമാവാതെ വന്നാൽ സഭാ സമിതികളുടെ പ്രവർത്തനങ്ങളും അവതാളത്തിലാകും. എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും പാരസ്പര്യത്തോടെ പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്കും സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കും പരിഹാരം കണ്ടെത്തിയിട്ടുള്ള മാതൃകാപരമായ സന്ദർഭങ്ങൾ കേരള നിയമസഭയുടെ പൂർവ്വകാല

ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഭാ സമിതികൾ കണിശതയോടെയും ജാഗ്രതയോടെയും പ്രവർത്തിക്കുകയാണെങ്കിൽ ആവശ്യപ്പെടുന്ന എല്ലാ വിവരവും ഗവണ്മെന്റിൽനിന്നും ലഭ്യമാക്കുവാനും കർത്തവ്യ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഏതൊരു സമിതിക്കും കഴിയുന്നതാണ്. നിയമസഭയുടെ ചെറുരൂപം എന്ന നിലയിൽ സഭയ്ക്കുള്ള ഒട്ടുമിക്ക അധികാരാവകാശങ്ങളും സമിതിക്കുമുണ്ട്. സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ സമിതികളുടെ മുമ്പാകെ വിളിച്ചു വരുത്താനും വിവരങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുവാനും അതിന് തയ്യാറാകാതെ വരുന്ന ഗവണ്മെന്റ് സെക്രട്ടറിമാരുടെ നിഷേധാത്മക നിലപാടുകൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും പരിഹാരമായില്ലെങ്കിൽ ചീഫ് സെക്രട്ടറിയെത്തന്നെ സമിതി മുമ്പാകെ വിളിച്ചു വരുത്താനും സമിതിയുടെ പ്രവർത്തനങ്ങളുമായി മനഃപൂർവ്വം സഹകരിക്കാതിരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറിമാർക്കെതിരെ അവകാശലംഘനത്തിന് ശിക്ഷാനടപടി ശിപാർശ ചെയ്യാനും സമിതികൾക്ക് അധികാരമുണ്ട്. നിയമസഭാ സമിതികളുടെ മുമ്പാകെയുള്ള ഓരോ ഫയലും ഒട്ടനവധി ജീവിതങ്ങളെ സംബന്ധിക്കുന്നവയാകയാൽ

അർഹിക്കുന്ന പരിഗണന കിട്ടണം. സാങ്കേതികവും യുക്തിരഹിതവുമായ കാരണങ്ങളുടെ പേരിൽ സമിതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് യാഥാർത്ഥ്യബോധത്തോടും പ്രായോഗിക സമീപനത്തോടുംകൂടി കാര്യങ്ങളെ സമീപിക്കുവാൻ എല്ലാ സമിതി അധ്യക്ഷന്മാരും സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറായാൽ ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭാ സമിതികളുടെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ധനകാര്യ സമിതികൾ ഒഴികെയുള്ള എല്ലാ സമിതികളുടെയും കുടിശ്ശിക ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുന്നതും സഭാ സമിതികളുടെ അത്തരം പരിശ്രമങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്നും എല്ലാ പിന്തുണയും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതുമാണ്.

കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ വില കൊടുത്ത് വാക്സിൻ വാങ്ങുന്നതിനായി ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുക അതേ ശീർഷകത്തിൽത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി വിശദീകരിച്ചത് തികച്ചും ഉചിതവും

പ്രസക്തവുമായിട്ടാണ് ചെയർ കണക്കാക്കുന്നത്. ആയതിനാൽ ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല.

## VI. ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായവും പൊതുജനാരോഗ്യവും (4099,22,87,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (218,85,72,000 രൂപ)

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ

ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ബാബു (നെന്മാറ): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആർദ്രം മിഷനിലൂടെ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയതും ഡോക്ടർമാരുടെ സേവനസമയം ദീർഘിപ്പിച്ചതും സി.എച്ച്.സി.-താലൂക്ക്-ജില്ലാ ആശുപത്രികളെ രോഗീസൗഹൃദമാക്കിയതും ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കിയതുമുൾപ്പെടെ ആരോഗ്യ മേഖലയിലെ കഴിഞ്ഞ അഞ്ച് വർഷത്തെ വികസന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ആരോഗ്യ മേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതും ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിച്ചതും നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ചികിത്സ മെച്ചപ്പെടുത്തിയതും സേവനതല്പരരായ ആരോഗ്യ പ്രവർത്തകരെ സജ്ജീകരിച്ചതും കോവിഡ് ബാധിച്ച് മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം നൽകുന്നതും ശ്ലാഘനീയമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തിയ കോവിഡ് പ്രതിരോധ

പ്രവർത്തനങ്ങളിലൂടെ മരണനിരക്കും രോഗവ്യാപനവും കുറയ്ക്കാൻ സാധിച്ചതിന് നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ മേഖലയിലെ സ്വകാര്യവൽക്കരണവും വാണിജ്യവൽക്കരണവുംമൂലം ചികിത്സാ ചെലവുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കൂടുതൽ കോവിഡ് രോഗികളുള്ള സംസ്ഥാനമായി കേരളം മാറുന്നത് അപലപനീയമാണ്. ഡബ്ല്യു.എച്ച്.ഒ./ഐ.സി.എം.ആർ. മാനദണ്ഡങ്ങളനുസരിച്ച് കോവിഡ് മരണങ്ങളെല്ലാം ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും വാക്സിൻ വിതരണം ത്വരിതപ്പെടുത്തുന്നതിനും കോവിഡ് പ്രതിരോധത്തിന് സ്വകാര്യ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തുന്നതിനും എറണാകുളം ജില്ലയിലെ കോവിഡ് ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ട്രാൻസ്ജെൻഡേഴ്സിന്റെ ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് മെഡിക്കൽ കോളേജുകളിൽ സൗകര്യമുണ്ടാക്കുന്നതിനും അവർക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആശാ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും 108

ആംബുലൻസുകളുടെ പ്രവർത്തനത്തിനും ആർ.സി.സി., എം.സി.സി. എന്നിവയ്ക്ക് പണം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ ഉയർത്താനുള്ള നടപടി സ്വീകരിക്കണം. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ തള്ളിപ്പറയുന്നതിനുപകരം കേരളത്തിനാവശ്യമായ വാക്സിൻ ലഭ്യമാക്കുന്നതിന് ഒറ്റക്കെട്ടായ നിലപാട് പ്രതിപക്ഷം സ്വീകരിക്കണം. കോവിഡ് മരണനിരക്ക് കുറയ്ക്കാൻ സാധിച്ചതും ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചതും ഓക്സിജൻ മിച്ച സംസ്ഥാനമായി കേരളത്തെ മാറ്റിയതും സൗജന്യ ഭക്ഷ്യധാന്യ കിറ്റുകൾ, ലൈഫ് പദ്ധതിയിലൂടെ വീടുകൾ തുടങ്ങിയവ നൽകിയതും പ്രശംസനീയമാണ്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് പ്രതിരോധത്തിലുണ്ടായ പാളിച്ച മറച്ചുവയ്ക്കാനും മരണനിരക്ക് കുറച്ചുകാണിക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. കോവിഡ് മരണനിരക്ക് കുറച്ചുകാണിക്കുന്നത് ആളുകൾക്ക് സഹായം ലഭിക്കുന്നതിന് തടസ്സമാകും. വാക്സിൻ വിതരണത്തിലെ അപാകത പരിഹരിക്കുന്നതിനും കോ-വാക്സിൻ

അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും കേരളത്തിനാവശ്യമായ വാക്സിൻ കേന്ദ്രത്തിൽനിന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ബദൽ മാർഗ്ഗം കണ്ടെത്തുന്നതിനും തയ്യാറാകണം. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും നെടുവ സി.എച്ച്.സി.-യിൽ ഐ.പി. സേവനം പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി ഒ. എസ്. അംബിക: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയെ പ്രതിരോധിക്കാൻ മാതൃകാപരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്. പ്രവാസികൾക്ക് രണ്ടാം ഡോസ് വാക്സിൻ നൽകാൻ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതും കിടപ്പുരോഗികൾക്ക് വീടുകളിൽപോയി വാക്സിൻ നൽകുന്നതും സ്വന്തമായി വാക്സിൻ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചതും അഭിനന്ദനാർഹമാണ്. 'ഇ-ഹെൽത്ത് ', 'ഇ-സഞ്ജീവനി' 'കരുന്ന് കരുതൽ' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ചതും സ്വാഗതാർഹമാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മെഡിക്കൽ കോളേജുകളെ മാത്രം കേന്ദ്രീകരിച്ചുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ജീവനക്കാരുടെ ജോലിഭാരം കൂട്ടുന്നതും മറ്റ് രോഗങ്ങളുള്ളവർക്ക് മതിയായ ചികിത്സ ലഭിക്കാതെ വരുന്ന സാഹചര്യവും ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ആരോഗ്യ പ്രവർത്തകർക്ക് നേരെയുണ്ടാകുന്ന അക്രമങ്ങൾ തടയാനും സ്പോട്ട് വാക്സിനേഷൻ കൃത്യമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും മുൻഗണനാ പട്ടികയിലുള്ളവർക്ക് പോർട്ടലിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമൊരുക്കാനും താലൂക്ക് ആശുപത്രികളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാനും തയ്യാറാകണം.

<u>ഡോ. സുജിത് വിജയൻ പിള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ മേഖലയിൽ 12500 ഓളം തസ്തികകൾ സൃഷ്ടിച്ചതും പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റിയതും ജില്ലാ ആശുപത്രികളിൽ ആധുനിക ചികിത്സാ രീതികൾ നടപ്പിലാക്കിയതും അഭിനന്ദനാർഹമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കമ്മ്യൂണിക്കബിൾ / നോൺ-കമ്മ്യൂണിക്കബിൾ ഡിസീസുകളെ അതിജീവിക്കാനുള്ള പദ്ധതികൾ എല്ലാ ജില്ലകളിലും ആവിഷ്കരിച്ചതും

സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആരംഭിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. കൃത്യമായ ആസൂത്രണത്തിലൂടെ ശിശുമരണവും കോവിഡ് മരണനിരക്കും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യപ്രവർത്തകരെ ആക്രമിക്കുന്നവരെ ജാമ്യമില്ലാ കുറ്റം ചുമത്തി അറസ്റ്റ് ചെയ്യണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദേശീയ ആരോഗ്യ സൂചികയിലുൾപ്പെടെ സംസ്ഥാനത്തെ ആരോഗ്യരംഗം അഭിമാനകരമായ നേട്ടങ്ങൾ സ്വന്തമാക്കിയിട്ടുണ്ട്. ഓക്സിജൻ പ്ലാന്റ്, വാക്സിൻ നിർമ്മാണ കേന്ദ്രം എന്നിവ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചതോടൊപ്പം കെ.എ.എസ്.പി., ഇ-സഞ്ജീവനി എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. നവജാത ശിശു-മാതൃ മരണ നിരക്ക് കുറച്ചുകൊണ്ടുവരാനും കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുട്ടികൾക്ക് ധനസഹായം അനുവദിക്കാനും സാധിച്ചത് അഭിമാനകരമാണ്. ട്രാൻസ്ജെൻഡർ അനന്യകുമാരിയുടെ മരണം സംബന്ധിച്ച് അന്വേഷണം നടത്താനും ട്രാൻസ്ജെൻഡറുകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം. എസ്.എം.എ. (സ്പൈനൽ മസ്കുലർ അട്രോഫി) ഉൾപ്പെടെയുള്ള ജനിതക രോഗങ്ങൾക്കുള്ള ജീവൻരക്ഷാ മരുന്നുകളുടെ നികുതി പൂർണ്ണമായും ഒഴിവാക്കണം. കാഞ്ഞിരപ്പള്ളി ജനറൽ

ആശുപത്രിയിൽ മോർച്ചറിക്കും പോസ്റ്റ്മോർട്ടം നടത്തുന്നതിനുമായി പുതിയ കെട്ടിടം അനുവദിക്കുകയും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം.

ശ്രീമതി യു. പ്രതിഭ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിക്കാനായത് അഭിമാനകരമാണ്. ജീവിതശൈലീ രോഗങ്ങളെയും മാരക ജനിതക അപൂർവ്വ രോഗങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായി നേരിടുന്നതിനുമുള്ള സംവിധാനമേർപ്പെടുത്തണം. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ റെറ്റിനോപതിക് സ്ക്രീനിംഗ്, കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, കൊറോണറി കെയർ, സ്ട്രോക്ക് യൂണിറ്റുകൾ, കാത്ത് ലാബുകൾ, പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എന്നിവ സജ്ജീകരിച്ചതും അമ്മ മനസ് എന്ന മാനസികാരോഗ്യ പരിപാടി ആരംഭിച്ചതും ആശുപത്രികളിലെ ഒ.പി. പരിശോധനാ സമയം വർദ്ധിപ്പിച്ചതും വാക്സിൻ വിതരണം കാര്യക്ഷമമായി നടപ്പാക്കിയതും ശ്രദ്ധേയമാണ്. കെ.എസ്.ആർ.ടി.സി.-യുമായി ചർച്ച നടത്തി പ്രധാന ആശുപത്രികളിലേയ്ക്ക് ബസ് സർവ്വീസ് ഏർപ്പെടുത്തണം. ഗർഭാശയ രോഗങ്ങൾ വർദ്ധിക്കുന്നത് സംബന്ധിച്ച പഠനം നടത്തുകയും

കർക്കിടക മാസ ചികിത്സ സാധാരണക്കാർക്കുകൂടി ലഭിക്കത്തക്കവിധത്തിൽ പഞ്ചായത്തുതല ആരോഗ്യ കേന്ദ്രങ്ങളെ സന്നദ്ധമാക്കുകയും വേണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് രോഗികളുടെ എണ്ണത്തിൽ കേരളം മുന്നിലാണ്. വാക്സിൻ വിതരണം കാര്യക്ഷമമാക്കണം. കോവിഡ്മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ ജില്ലാ ആശുപത്രികൾ വരെ നവീകരിച്ച് അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയ നടപടി സ്വാഗതാർഹമാണ്.

ശ്രീമതി ദെലീമ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആശുപത്രികളിൽ ഐസൊലേഷൻ ക്വാറന്റൈനിൽ കഴിയുന്നവർക്ക് മാനസിക-സാമൂഹിക പിന്തുണ നൽകിയതും ആരോഗ്യ വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിച്ചതും ആർദ്രം മിഷന്റെ ഭാഗമായി 700-ഓളം പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളാക്കിയതും പി.എച്ച്.സി. തലം മുതൽ മെഡിക്കൽ കോളേജുകൾ വരെ നടത്തിയ നവീകരണ-വികസന പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്. ആലപ്പുഴ മെഡിക്കൽ കോളേജിലെ

ന്യൂറോളജി വിഭാഗത്തെ കാര്യക്ഷമമാക്കുന്നതിനും ചേർത്തല, തുറവൂർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മാത്യു ടി തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദേശീയ ആരോഗ്യ സൂചികയിൽ ഒന്നാം സ്ഥാനം കൈവരിച്ച സംസ്ഥാനമാണ് കേരളം. കൃത്യമായ ദിശാബോധത്തോടെ പ്രവർത്തിച്ച ഒരു സർക്കാരിന്റെ തുടർച്ചയായാണ് ഈ സർക്കാരും പ്രവർത്തിക്കുന്നത്. കേരളത്തിൽ കോവിഡ് രോഗവ്യാപന സാധ്യത കൂടുതലാണെങ്കിലും രോഗം നിയന്ത്രിക്കാൻ കഴിഞ്ഞുവെന്നത് ആശ്വാസകരമാണ്. കൂടിച്ചേരലുകൾ പരമാവധി ഒഴിവാക്കി രോഗവ്യാപനം തടയണം. ഭരണാനുമതി ലഭിച്ച മല്ലപ്പള്ളി താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യത്തിൽ സംസ്ഥാനം പരാജയമാണ്. യാതൊരു ശാസ്ത്രീയ പഠനവുമില്ലാതെയാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതെന്നാണ് ഐ.എം.എ.യുടെ റിപ്പോർട്ട്. കോവിഡ് ആശുപത്രികളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും

അപര്യാപ്തതയുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആശാ വർക്കർമാർക്ക് നിശ്ചിത സേവന-വേതന വ്യവസ്ഥകൾ അനുവദിക്കുകയും ആരോഗ്യ വകുപ്പിൽ അവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും വേണം. എല്ലാവർക്കും വാക്സിൻ നൽകുന്നതിനും പ്രവാസികൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന്റെ വലിയൊരു ഭാഗം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗവൺമെന്റ് വിനിയോഗിക്കുകയാണ്. ജില്ലാശുപത്രികളിൽ കാത്ത്‌ലാബ് അനുവദിച്ചതും പ്രധാന കേന്ദ്രങ്ങളിലെല്ലാം ഡയാലിസിസ് സെന്റർ ആരംഭിച്ചതും ശ്ലാഘനീയമാണ്. സ്വകാര്യ/സഹകരണ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് നടപ്പിലാക്കുന്ന കാര്യം പരിശോധനാവിധേയമാക്കണം.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജുൾപ്പെടെ 15 മെഡിക്കൽ കോളേജുകളെയും താലൂക്ക് ആശുപത്രികളെയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി

സജ്ജമാക്കാനും മരണനിരക്ക് കുറയ്ക്കാനും വാക്സിനേഷൻ നിരക്ക് വർദ്ധിപ്പിക്കാനും സാധിച്ചത് അഭിനന്ദനാർഹമാണ്.

ഡോ. കെ. ടി. ജലീൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയതും നിപയെ പ്രതിരോധിച്ചതും കോവിഡ് മഹാമാരിയെ നിയന്ത്രിക്കാൻ സാധിച്ചതും കമ്മ്യൂണിറ്റി/പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനസമയം ദീർഘിപ്പിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് രോഗവ്യാപന സാധ്യത വർദ്ധിപ്പിക്കുന്ന അശാസ്ത്രീയമായ ടെസ്റ്റിംഗ് രീതിയാണ് സംസ്ഥാനം അവലംബിച്ചിട്ടുള്ളത്. കോവിഡ് വ്യാപനവും അശാസ്ത്രീയ ലോക്ഡൗണും കാരണം സാമ്പത്തിക പ്രതിസന്ധിലായ ആളുകൾ ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷം ഖേദകരമാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. 496 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും ബ്ലോക്ക്തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ

കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. താലൂക്കാശുപത്രികൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള 82 ആരോഗ്യസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 7,019.18 കോടി രൂപയുടെ ഭരണാനുമതിയും 56 എണ്ണത്തിന് സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. വിവിധ ആശുപത്രികളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനും ജില്ലാ-താലൂക്കാശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ ബോധവൽക്കരണം നടത്തി ജീവിതശൈലീ രോഗസാധ്യതകൾ കണ്ടെത്തുന്നതിന് ഇ-ഹെൽത്ത് സംവിധാനം പ്രയോജനപ്പെടുത്തുകയും അത്തരം രോഗങ്ങൾമൂലമുള്ള മരണനിരക്ക് കുറയ്ക്കുന്നതിന് ജനകീയ ഇടപെടലുകൾ നടത്തുകയും ചെയ്യും. പ്രമേഹരോഗ ഗവേഷണത്തിനും പഠനത്തിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും. ആർ.സി.സി.യുടെ പ്രവൃത്തിഭാരം കുറയ്ക്കുന്നതിനും രോഗികൾക്ക് വേഗത്തിൽ ചികിത്സ ഉറപ്പാക്കുന്നതിനും മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിത്സ തുടരുന്നതിനും സ്തനാർബുദം, തൈറോയ്ഡ് ക്യാൻസർ എന്നിവ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതാണ്. മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുകയും തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗ ചികിത്സയിൽ പെറ്റ്സ്കാനർ ഉൾപ്പെടെയുള്ളവ സ്ഥാപിക്കാൻ അനുമതി നൽകുകയും ചെയ്യുന്നതാണ്. രോഗപ്രതിരോധ പ്രവർത്തനത്തിനും ആരോഗ്യ സംരക്ഷണത്തിനും ആയുഷിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതോടൊപ്പം ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ' ആരാമം ആരോഗ്യം' പദ്ധതിക്ക് തുടക്കം കുറിക്കുന്നതുമാണ്. ഇടുക്കിയിൽ പുതിയ സർക്കാർ ആയുർവ്വേദ ആശുപത്രിയുടെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കുന്നതും ഹോമിയോപ്പതിയിൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതും ഹോമിയോ മരുന്നുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതുമാണ്. പരമാവധി ആളുകൾക്ക് വാക്സിൻ നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കോവിൻ പോർട്ടലിൽ ഓൺലൈൻ രജിസ്ട്രേഷന് ബുദ്ധിമുട്ടുള്ളവർക്ക് ആശാപ്രവർത്തകരുടെയും ആരോഗ്യ വകുപ്പ് വോളണ്ടിയർമാരുടെയും സഹായത്തോടെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലുൾപ്പെടെ

എല്ലാ ജില്ലകളിലും പോസ്റ്റ് കോവിഡുമായി ബന്ധപ്പെട്ട് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട് എല്ലാ നിയോജകമണ്ഡലങ്ങളിലും ഐസൊലേഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നതും ഓക്സിജൻ സംവിധാനമുൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതുമാണ്. കോവിഡ് മൂന്നാംതരംഗ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി 30 ഓക്സിജൻ പ്ലാന്റുകൾ ഉടൻ പൂർത്തിയാക്കുന്നതും ബാക്കിയുള്ളവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്. മൂന്നാം തരംഗം ശിശുക്കളെ ബാധിക്കുമെന്ന മുന്നറിയിപ്പുള്ളതിനാൽ 'കുരുന്ന് കരുതൽ' എന്ന പേരിൽ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലുമുള്ള ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുള്ളതും പീഡിയാട്രിക് കെയർ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതുമാണ്. ട്രാൻസ്ജെൻഡേഴ്സിന്റെ സർജറിയുമായി ബന്ധപ്പെട്ട് കൃത്യമായ ഗൈഡ്ലൈനുണ്ടാക്കാൻ കമ്മിറ്റി രൂപീകരിക്കാനും ആശുപത്രികളിൽ പ്രത്യേക വാർഡ് അനുവദിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. യൂണിസെഫുമായി സഹകരിച്ച് എല്ലാ ആശുപത്രികളും തൊഴിലിടങ്ങളും പൊതു ഇടങ്ങളും ഒരു വർഷത്തിനകം മാതൃ-ശിശു സൗഹൃദമാക്കി മാറ്റാനുള്ള

നടപടി സ്വീകരിച്ചുവരുന്നു. Spinal Muscular Atrophy എന്ന രോഗത്തിന്റെ ചികിത്സാ മാനദണ്ഡങ്ങളെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഐ.സി.യു./വെന്റിലേറ്റർ/ഓക്സിജൻ ബെഡ്ഡുകളുടെയും ഡി.എച്ച്.എസ്.-ന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ നോർമൽ/ഐ.സി.യു./ഓക്സിജൻ ബെഡ്ഡുകളുടെയും എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. തിരൂരങ്ങാടി ആശുപത്രിയിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി എൻ.എച്ച്.എം. അഞ്ച് ലക്ഷം രൂപ അനുവദിക്കുകയും ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് അനുവദിക്കുന്നതിനുവേണ്ട ലൈസൻസിനുള്ള അപേക്ഷ റീജിയണൽ ഡ്രഗ്ഗ് ഇൻസ്പെക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പിന് 300 അധിക തസ്തികകൾ അനുവദിക്കുകയും അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. കോവിഡ്മൂലം മരണം സംഭവിച്ചാൽ 24 മണിക്കൂറിനുള്ളിൽ മരിച്ചയാളുടെ പേരുൾപ്പെടെ ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിരിക്കണമെന്ന് എല്ലാ ആശുപത്രികൾക്കും നിർദ്ദേശം നൽകുകയും ഡാറ്റ സമാഹരിച്ച് എല്ലാ ജില്ലകളിലേയും ഡി.എം.ഒ. ഓഫീസിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ്. ആദ്യഘട്ടത്തിൽ ലിസ്റ്റിൽ പേര് ചേർക്കാത്തതു സംബന്ധിച്ച

പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX -ാം നമ്പർ ധനാഭ്യർത്ഥനയും 36-നെതിരെ 92 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.17-ന് പിരിഞ്ഞു.

*******